**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6562** — **11-11-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈനായി അപേക്ഷകൾ നൽകുന്നതിലെ പരിചയക്കുറവും അറിവില്ലായ്മയും കാരണം കർഷകർക്ക് കൃഷി ആനുകൂല്യങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | ഇല്ല. പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം, വിള ഇൻഷ്വറൻസ് പദ്ധതി, പാഡി റോയൽറ്റി, പഴം പച്ചക്കറികളുടെ അടിസ്ഥാന വില പദ്ധതി എന്നിവ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനാണ് AIMS പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കേണ്ടത്. നിലവിൽ കർഷകർക്ക് ഓൺലൈനായി നേരിട്ടും, അക്ഷയകേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്റർ എന്നിവ മുഖേനയും AIMS പോർട്ടലിലൂടെ അപേക്ഷ നൽകാവുന്നതാണ്. പ്രത്യേക സാഹചര്യത്തിൽ എന്തെങ്കിലും കാരണവശാൽ ഒരു കർഷകന് ഓൺലൈനിലൂടെ നിലവിലെ രീതിയിൽ അപേക്ഷിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ആയത് കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നിർവ്വഹിക്കുന്നതിനുള്ള സഹായം നൽകുന്നുണ്ട്. അപേക്ഷ നൽകുന്നതിലെ പരിചയക്കുറവോ അറിവില്ലായ്മ മൂലമോ ആനുകൂല്യം ലഭിക്കാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. AIMS Portal മുഖേന കർഷകർ അപേക്ഷിക്കേണ്ട വിധത്തെക്കുറിച്ച് പത്രമാധ്യമങ്ങളിലൂടെയും വിശദമായി പ്രതിപാദിക്കുന്ന വീഡിയോ സമൂഹ മാധ്യമങ്ങൾ വഴിയും വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ കർഷകരെ ബോധവത്കരിക്കുന്നതിനുള്ള നടപടികളും കൃഷി ഭവൻ മുഖേന സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | വിളനാശം ഉണ്ടായാൽ എയിംസ് പോർട്ടൽ രജിസ്ട്രേഷൻ, 15 ദിവസത്തിനുള്ളിൽ അപേക്ഷ നൽകണമെന്ന നിബന്ധന എന്നിവ കൃത്യമായി പാലിക്കുന്നതിൽ കർഷകരെ സഹായിക്കാനായി കൃഷിഭവനിൽ ഹെൽപ്പ് ഡെസ്ക്ക് മാതൃകയിൽ സൗകര്യം ഒരുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (ബി) | വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകരുടെ വിളകൾ പ്രകൃതിക്ഷോഭം മൂലം നശിച്ചുപോയാൽ പദ്ധതി പ്രകാരമുള്ള സഹായം ലഭിക്കുന്നതിനാണ് നാശനഷ്ടം ഉണ്ടായി 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചും നൽകാറുണ്ട്. നിലവിൽ ടി പദ്ധതിക്കായി ഹെൽപ്പ് ഡെസ്ക് കൃഷി ഭവനിൽ പ്രവർത്തിക്കുന്നില്ല. എങ്കിലും ഇതുമായി ബന്ധപ്പെട്ട സംശയ |

| | | | |
|---|---|---|---|
| | | | നിവാരണത്തിന് കൃഷി ഭവനിൽ എത്തുന്ന കർഷകർക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ